# വിവേകാനന്ദ

## എഡ്യൂക്കേഷണൽ & കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ്


കൊടകര, പി.ഒ. പേരാമ്പ്ര

രജി. നമ്പർ. 91/4/94

ഫോൺ : 8547381548


E-mail : vivekanandatrustperambra@gmail.com

Website : www.vivekanandatrustkodakara.com

YouTube www.youtube.com/c/veacct


# വാർഷിക റിപ്പോർട്ട്

# 2023-2024



## വാർഷിക പൊതുയോഗം

തിയ്യതി : 08.12.2024, ഞായറാഴ്ച

സമയം : രാവിലെ 11 മണി

സ്ഥലം : സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, പേരാമ്പ്ര




സിനിമാഗാന രചയിതാവ് ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി
സരസ്വതി വിദ്യാനികേതൻ വാർഷികാഘോഷത്തിൽ സംസാരിക്കുന്നു.



ട്രസ്റ്റ് അധ്യാപകർക്കായി സംഘടിപ്പിച്ച ചതുർദിന പരിശീലന ക്യാമ്പ്



ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ അനുമോദനസഭ ബഹു ജില്ലാ കളക്ടർ
ശ്രീ വി ആർ കൃഷ്ണതേജ ഐഎഎസ് ഉദ്ഘാടനം ചെയ്യുന്നു.



സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ്
നേടിയ വിവേകാനന്ദ വിദ്യാനികേതൻ പ്രിൻസിപ്പാൾ
ഡോ.രമാദേവി ടീച്ചറെ അനുമോദിക്കുന്നു.



ജനത യു പി സ്കൂളിൽ നടന്ന
ഇലക്ഷനിൽ വിജയികളായ വിദ്യാർത്ഥികൾ



ഹരിശ്രീ വിദ്യാനികേതനിലെ വിദ്യാർത്ഥികൾ
സാകേതം മാതൃസദനം സന്ദർശിക്കുന്നു.



മണിപ്പൂർ സന്ദർശനത്തിന്റെ ഭാഗമായി
നടന്ന ഗൃഹസമ്പർക്കം



ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ വാർഷികാഘോഷം
പ്രശസ്ത ഗായിക വൈക്കം വിജയലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു.

# വാർഷിക പൊതുയോഗ ക്ഷണപത്രിക

ധന്യാത്മൻ,

വിവേകാനന്ദ ട്രസ്റ്റിന്റെ പ്രവർത്തനം 31-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുവാനും വരുന്ന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനും വേണ്ടി ട്രസ്റ്റിന്റെ മുപ്പതാം വാർഷിക പൊതുയോഗം **2024 ഡിസംബർ 8 – ാം തിയ്യതി ഞായറാഴ്ച രാവിലെ 11 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ** വച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

ഈ യോഗത്തിലേക്ക് ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ അകമഴിഞ്ഞ് സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ള എല്ലാ അംഗങ്ങളേയും സ്നേഹാദരപൂർവ്വം ക്ഷണിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേർന്ന് ഭാവി പ്രവർത്തനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

എന്ന് ട്രസ്റ്റ് ഭരണസമിതിക്കുവേണ്ടി,

| | | |
|---|---|---|
| കൊടകര, | ചെയർമാൻ | സെക്രട്ടറി |
| 02-11-2024 | എൻ.പി.മുരളി | ടി.സി.സേതുമാധവൻ |

## കാര്യപരിപാടി

| | | |
|---|---|---|
| ദീപപ്രജ്വാലനം | - | **ഡോ. ഡി പ്രഭാകരൻ നായർ**, രക്ഷാധികാരി |
| പ്രാർത്ഥന | | |
| സ്വാഗതം | - | **ശ്രീ എ ജി ബാബു**, വൈസ് ചെയർമാൻ |
| അനുശോചനം | - | **ശ്രീ. എം കൃഷ്ണകുമാർ**, ഡയറക്ടർ |
| മിനുട്സ് പാസാക്കൽ | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| പ്രവർത്തന വൃത്തം | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| അദ്ധ്യക്ഷപ്രസംഗം | - | **ശ്രീ. എൻ.പി.മുരളി**, ചെയർമാൻ |
| 2023-2024 ലെ കണക്ക് അവതരണം | - | **ശ്രീ. കെ.എസ്.സുരേഷ്**, ട്രഷറർ |
| ചർച്ച-ഭാവി പ്രവർത്തനങ്ങൾ | - | **ശ്രീ. എം.വേണുമാസ്റ്റർ**<br>ഭാവിനി സംസ്ഥാന ഉപാദ്ധ്യക്ഷൻ |
| പ്രമേയാവതരണം | - | **ശ്രീ വി വി രാജേഷ്കുമാർ** ജോയ്ന്റ് സെക്രട്ടറി |
| അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ | - | |
| കൃതജ്ഞത | - | **ശ്രീ. എൻ.പി.ശിവൻ**, എക്സിക്യൂട്ടീവ് ഡയറക്ടർ |

**കുറിപ്പ്:–**

1. ട്രസ്റ്റുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ 2024 ഡിസംബർ 2-ാം തിയ്യതിക്കുമുമ്പായി ട്രസ്റ്റോഫീസിൽ വിവരം എഴുതി നൽകേണ്ടതാണ്.
2. ട്രസ്റ്റിനുകീഴിലുള്ള വിദ്യാലയങ്ങളിൽ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ വിജയദശമി ദിവസം മുതൽ ആരംഭിച്ചിരിക്കുന്നു. മെമ്പർമാരുടെ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ ചേർക്കുവാൻ അതാത് വിദ്യാലയവുമായി ബന്ധപ്പെടുക.
3. ട്രസ്റ്റ് മെമ്പർമാരുടെ അഡ്രസ്സിലോ മറ്റോ വരുന്ന മാറ്റങ്ങൾ ഇമെയിൽ മുഖേനെയോ 9447816868 എന്ന നമ്പറിലേക്ക് വാട്സ്ആപ് ആയോ അറിയിക്കണമെന്ന് അപേക്ഷ.
4. കഴിഞ്ഞ വർഷം ഉന്നത വിജയം/നേട്ടം കൈവരിച്ചിട്ടുള്ള ട്രസ്റ്റ് മെമ്പർമാരുടെ കുടുംബങ്ങളിലുള്ളവരെ അനുമോദിക്കുന്നതിനായി അവരുടെ പേരും വിവരങ്ങളും ഡിസംബർ 2 ന് മുമ്പായി ട്രസ്റ്റോഫീസിൽ അറിയിക്കണമെന്ന് അപേക്ഷ
5. വാർഷിക പൊതുയോഗത്തിന് ശേഷം ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.

## 2023 ഡിസംബർ 30–ാം തിയ്യതി നടന്ന വാർഷിക പൊതുയോഗത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട്

വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ 29-ാം വാർഷിക പൊതുയോഗം 2023 ഡിസംബർ 30-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 3 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ വച്ച് കൂടുകയുണ്ടായി. ബഹു. ട്രസ്റ്റ് ചെയർമാൻ ശ്രീ.എൻ.പി.മുരളി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രക്ഷാധികാരി ഡോ ഡി പ്രഭാകരൻ നായർ ദീപപ്രജ്വാലനം നടത്തി. ഈശ്വര പ്രാർത്ഥനക്കുശേഷം ജോയന്റ് സെക്രട്ടറി ശ്രീ വി വി രാജേഷ്കുമാർ അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് കഴിഞ്ഞ വർഷം നമ്മെ വിട്ടുപിരിഞ്ഞ ട്രസ്റ്റ് മെമ്പർമാരായ കെ കെ രാജേഷ്, കരിയാട്ട് വീട്, കൊടകര, സി കെ ശശിധരൻ, ചുള്ളിക്കാട്ടിൽ വീട്, വരാക്കര, ഡോ വി കെ പുഷ്പാംഗതൻ, വാഴപ്പിള്ളി വീട്, കൊടകര കൂടാതെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ, രാജനൈതിക രംഗങ്ങളിലെ നമ്മെ വിട്ടുപിരിഞ്ഞവർ, നാടിന്റെ രക്ഷയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച ധീരജവാന്മാർ, ത്യാഗോജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ച് മണ്ണിലേക്ക് മടങ്ങിയ ഈ പുണ്യാത്മാക്കളെ സ്മരിച്ചുകൊണ്ട് ഡയറക്ടർ ശ്രീ.എ ഡി തിലകൻ അവർകൾ അനുശോചനം രേഖപ്പെടുത്തി. അതിനുശേഷം ഒരു മിനിട്ട് മൗനം ആചരിച്ചു. ശേഷം ശാന്തിമന്ത്രം ചൊല്ലി.

മുൻയോഗ മിനുട്സ് സെക്രട്ടറി ശ്രീ.ടി.സി.സേതുമാധവൻ അവർകൾ അവതരിപ്പിച്ചു. അത് ഓങ്കാരത്തോടെ പാസാക്കി. തുടർന്ന് 2022-2023 ലെ പ്രവർത്തന വൃത്തവും അവതരിപ്പിച്ചു. ട്രസ്റ്റിന്റെ പ്രവർത്തനം രണ്ടാം തലമുറയിലേക്ക് കടന്നുവെന്നും ഇവിടുത്തെ വിദ്യാർത്ഥികളായിരുന്നവരുടെ മക്കളെ ഇവിടെ ചേർത്തുകയും, ചിലർ അദ്ധ്യാപകരായി വരുന്നുവെന്നും, ട്രസ്റ്റിന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ എല്ലാ ട്രസ്റ്റ് മെമ്പർമാരും മുന്നോട്ടു വരണമെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ ശ്രീ എൻ പി മുരളി അവർകൾ സൂചിപ്പിച്ചു. 2022-23 ലെ കണക്കുകൾ ട്രഷറർ ശ്രീ.കെ.എസ്. സുഗേഷ് അവർകൾ അവതരിപ്പിച്ചു. കഴിഞ്ഞ വർഷം ട്രസ്റ്റിനുവേണ്ടി സെക്രട്ടറി ശ്രീ ടി സി സേതുമാധവൻ അവർകൾ 25 ലക്ഷം രൂപ സംഭാവന സമാഹരിച്ചതായും, 20 ലക്ഷം രൂപയുടെ ഫീസ് ഇളവ് കഴിഞ്ഞ വർഷവും ട്രസ്റ്റിന് കൊടുക്കാൻ സാധിച്ചതായും ട്രഷറർ ശ്രീ കെ എസ് സുഗേഷ് അവർകൾ തന്റെ കണക്ക് അവതരണത്തിലൂടെ സൂചിപ്പിച്ചു. കണക്കുകൾ ഓങ്കാരത്തോടെ പാസാക്കി.

ചർച്ചകൾക്ക് ഭാരതീയ വിദ്യാനികേതൻ സംസ്ഥാന ഉപാദ്ധ്യക്ഷൻ ശ്രീ എം.വേണുമാസ്റ്റർ നേതൃത്വം നൽകി. കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാവലല്ല, ഉള്ളത് ഗുണനിലവാരത്തിലാക്കുക എന്നതാണ് ശ്രദ്ധിക്കേണ്ടതെന്നും, ആർട്ടിഫിഷൽ ഇന്റലിജൻസ്, റോബോർട്ടിക് സയൻസ് തുടങ്ങിയ ആധുനിക വിഷയങ്ങൾ കുട്ടികൾക്ക് പഠന വിഷയമാക്കേണ്ടതുണ്ടെന്നും വേണുമാസ്റ്റർ പറഞ്ഞു. വാർഷിക പൊതുയോഗത്തിലെ ഉപസ്ഥിതി വളരെ കുറവാണെന്നും, വരുന്ന വർഷങ്ങളിൽ ഉപസ്ഥിതി വർദ്ധിപ്പിക്കാനുള്ള പരിശ്രമം നടത്തണമെന്നും, മെമ്പർമാരുടെ വീടുകളിൽ സമ്പർക്കം ചെയ്യണമെന്നും, ട്രസ്റ്റിന്റെ വികസന പ്രവർത്തനങ്ങൾക്ക് അവരിൽ നിന്ന് കുറഞ്ഞത് 10000 രൂപ സമാഹരിക്കാമെന്നും, അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ചെയ്ത് കൊണ്ടിരിക്കുന്ന സഹായം കൂടുതൽ കുടുംബങ്ങളിലേക്ക് എത്തിക്കണമെന്നും, അസുഖ ബാധിതരായവർക്കുള്ള സഹായം, കുടുംബത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള സഹായം (സ്വാവലംബനം), കോളനികളിൽ സാംസ്ക്കാരികമായ ചില സേവനങ്ങൾ എന്നീ മേഖലകളിലേക്കും ട്രസ്റ്റിന്റെ പ്രവർത്തനം എത്തിക്കണമെന്നും ചർച്ചകളിൽ മെമ്പർമാർ അഭിപ്രായപ്പെട്ടു.

സ്വർഗീയ ടി എം കൃഷ്ണൻകുട്ടി സ്മരണാർത്ഥം, ട്രസ്റ്റിന് കീഴിലുള്ള വിദ്യാലയങ്ങളിൽ പത്താം ക്ലാസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് ഏർപ്പെടുത്തിയ ക്യാഷ് അവാർഡിന് അർഹയായ ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ വിദ്യാർത്ഥിനികളായ ഹീമ ഹേമരാജ്, മൈഥിലി എന്നിവരേയും, പത്താം ക്ലാസ് സിബിഎസ്ഇ പരീക്ഷയിൽ ഉന്നത വിജയം നേടിയ ട്രസ്റ്റ് ഡയറക്ടർ ശ്രീ എം കൃഷ്ണകുമാർ അവർകളുടെ മകൾ നന്ദനകൃഷ്ണയേയും യോഗത്തിൽ അനുമോദിച്ചു.

കേരളത്തിലെ രാഷ്ട്രദ്രോഹ പ്രവർത്തനങ്ങളേയും, ലഹരിയേയും പ്രതിരോധിക്കാനുള്ള എല്ലാവിധ ശക്തമായ ഇടപെടലുകളും, നടപടികളും കേന്ദ്ര-കേരള സർക്കാരുകളുടെ ഭാഗത്ത് നിന്നുണ്ടാകണമെന്നും കേരളത്തെ പഴയ കശ്മീർ ആക്കാൻ അനുവദിക്കരുതെന്നും ആവശ്യപ്പെട്ടുകൊണ്ട് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ എൻ പി ശിവൻ അവർകൾ അവതരിപ്പിച്ച പ്രമേയം ഡയറക്ടർ ശ്രീ പി പി രാധാകൃഷ്ണൻ അവർകൾ പിന്താങ്ങി. പ്രമേയം ഓങ്കാരത്തോടെ പാസാക്കി. ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീമതി. രമാകൃഷ്ണൻകുട്ടി അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് മംഗളശ്ലോകത്തോടെ യോഗം പര്യവസാനിച്ചു.

എന്ന്, സ്നേഹത്തോടെ,

| | |
|---|---|
| ചെയർമാൻ | സെക്രട്ടറി |
| എൻ.പി.മുരളി | ടി.സി.സേതുമാധവൻ |

## പ്രവർത്തന വൃത്തം

ഭാരതീയ സംസ്കൃതിയുടെ മഹത്വം ലോകജനതക്ക് മുന്നിൽ അവതരിപ്പിച്ച സ്വാമി വിവേകാനന്ദന്റെ നാമധേയത്തിൽ 1994 ൽ പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിലെ മഠാധിപതിയായിരുന്ന സംപൂജ്യ മൃഢാനന്ദ സ്വാമികളുടെ പവിത്ര കരങ്ങളാൽ ആരംഭിച്ച വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ് അതിന്റെ പ്രവർത്തനം 30 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഒരു സിബിഎസ്ഇ സീനിയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും, ഒരു ഹയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും, രണ്ട് എൻഐഒഎസ് അഫിലിയേറ്റഡ് വിദ്യാലയങ്ങളും, ഒരു എയ്ഡഡ് യു.പി. വിദ്യാലയവും, ഒരു ഹോസ്റ്റലും അടക്കം ആറ് സ്ഥാപനങ്ങൾ ഇപ്പോൾ ട്രസ്റ്റിന് കീഴിലായി പ്രവർത്തിക്കുന്നുണ്ട്. ട്രസ്റ്റിലെ വിദ്യാലയങ്ങളിലായി ഇപ്പോൾ 2688 വിദ്യാർത്ഥികളും 153 അധ്യാപകരും 83 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. വിവിധ സ്ഥാപനങ്ങളിലായി സ്വന്തമായ 40 വാഹനങ്ങളും 1460 സെന്റ് സ്ഥലവും ട്രസ്റ്റിന് സ്വന്തമായിട്ടുണ്ട്. ട്രസ്റ്റിന് ഇപ്പോൾ ആകെ 690 മെമ്പർമാരാണുള്ളത്.

ഭാരതീയ വിദ്യാനികേതൻ വിഭാവനം ചെയ്യുന്ന പഞ്ചാംഗശിക്ഷണത്തിലധിഷ്ഠിതമായ വിദ്യാഭ്യാസ പദ്ധതിയാണ് ട്രസ്റ്റിലെ വിദ്യാലയങ്ങൾ പിന്തുടരുന്നത്. രാഷ്ട്രത്തിന്റെ ഉന്നമനത്തിനായി വ്യക്തിത്വവും, ആരോഗ്യവും, അച്ചടക്കവുമുള്ള കഴിവുറ്റ പ്രതിഭകളാക്കി യുവതലമുറയെ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ലോകപരിസ്ഥിതിദിനം, വായനാദിനം, യോഗാദിനം, അന്തർദേശീയ സംഗീതദിനം, കാർഗിൽദിനം, രക്ഷാബന്ധൻ, ഗുരുപൂജ, മാതൃപൂജ, അധ്യാപകദിനം തുടങ്ങിയ വിവിധ പരിപാടികൾ വിദ്യാലയങ്ങളിൽ എല്ലാ വർഷവും ആഘോഷിച്ചുവരുന്നു. വിവിധ മേഖലകളിലുള്ള ജോലികളുടെ സാധ്യതകളെക്കുറിച്ചും അതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചുമുള്ള കരിയർ ഗൈഡൻസ് ക്ലാസുകളും, ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസുകളും, വിദ്യാലയങ്ങളിലൂടെ നടത്തി വരുന്നു. വിദ്യാർത്ഥികൾക്ക് യോഗ, കലാ-കായിക വിനോദങ്ങൾ എന്നിവയിൽ കഴിവ് തെളിയിക്കാൻ ധാരാളം അവസരങ്ങൾ വിദ്യാലയങ്ങൾ നൽകുകയും കൂടുതൽ മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

2024 മെയ് മാസത്തിൽ ട്രസ്റ്റിലെ മുഴുവൻ അധ്യാപകർക്കും വേണ്ടി നാല് ദിവസത്തെ റെസിഡൻഷ്യൽ ടീച്ചേഴ്സ് എംപവർമെന്റ് പ്രോഗ്രാം നടത്തി. 109 അധ്യാപകരാണ് പങ്കെടുത്തത്. 4 ദിവസം 32 മൊഡ്യൂളുകളിലായി പരിശീലനം നൽകി. 2023-24 അക്കാദമിക് വർഷത്തിൽ ട്രസ്റ്റിലെ വിദ്യാലയങ്ങളിലൂടെ അർഹരായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 20 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നല്കുകയുണ്ടായി. സരസ്വതി വിദ്യാനികേതനിലെ മാതൃ-ക്ഷേമ സമിതി കൂട്ടായ്മയിലൂടെ ഒരു രക്ഷകർത്താവിന് ചികിത്സാ സഹായമായി ഒരു ലക്ഷം രൂപ കൊടുക്കുകയുണ്ടായി. ട്രസ്റ്റ് ഡയറക്ടർ ശ്രീമതി ജയശ്രീ ആർ മേനോൻ അവർകളുടെ ശ്രമഫലമായി അമേരിക്കൻ മലയാളി കൂട്ടായ്മയായ അക്ഷരം മിഷനിൽ നിന്നും സരസ്വതി വിദ്യാനികേതനിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠിക്കാൻ മിടുക്കരായ 10 വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ പഠന ചെലവിലേക്കായി നാലര ലക്ഷം രൂപ ഈ വർഷവും ലഭിച്ചു. കഴിഞ്ഞ മൂന്ന് വർഷമായി ഇത് ലഭിച്ചുകൊണ്ടിരിക്കുന്നു. അക്ഷരം മിഷൻ ഡയറക്ടർ ശ്രീമതി വിനീത കർത്ത ഈ വർഷം സരസ്വതി സ്കൂളിൽ നടന്ന ഓണാഘോഷത്തിൽ വിശിഷ്ടാതിഥിയായിരുന്നു. ക്യൂബസ്റ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ സിഎസ്ആർ പ്രൊജക്ട് - അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വരന്തരപ്പിള്ളി ജനത യുപി സ്കൂളിൽ നാല് ലക്ഷം രൂപ ചെലവിൽ 200 സ്ക്വയർ ഫീറ്റിൽ ഗേൾസ് ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി സൈൻ സൊസൈറ്റിയുമായി ചേർന്ന് വനിതകൾക്ക് അമ്പത് ശതമാനം വിലക്കിഴിവിൽ 20 പേർക്ക് ലാപ്ടോപും, 246 പേർക്ക് ഓണക്കിറ്റും വിതരണം ചെയ്തു. സരസ്വതി വിദ്യാനികേതനിൽ 25 കെവി യുടെ സോളാർ പാനലിന്റെ പണി പുരോഗമിക്കുന്നു. കൂടാതെ വിദ്യാലയത്തിലേക്കുള്ള റോഡ് നവീകരണത്തിനായി 15 ലക്ഷം രൂപ എംഎൽഎ ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. വയനാടിന് കൈത്താങ്ങായി ട്രസ്റ്റിലെ വിദ്യാലയങ്ങളിലെ സമിതി അംഗങ്ങളുടേയും കുട്ടികളുടേയും ശ്രമഫലമായി 77260 രൂപയും 3 ലക്ഷം രൂപയുടെ മറ്റ് സാധന സാമഗ്രികളും കൊടുക്കുകയുണ്ടായി. കുട്ടികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ച അടൽ ടിംകറിംഗ് ലാബിന്റെ പ്രവർത്തനം സരസ്വതി, ശ്രീരാമകൃഷ്ണ വിദ്യാലയങ്ങളിൽ ഭംഗിയായി നടന്നു വരുന്നു.

**സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, കൊടകര**

ഫോൺ 9048383804

**Email: saraswathycbse179@gmail.com**

**Website: www.saraswathycbsekodakara.com**

വിവേകാനന്ദ ട്രസ്റ്റിന്റെ പ്രഥമസംരംഭമായ സരസ്വതി വിദ്യാനികേതൻ അതിന്റെ പ്രവർത്തനം 31-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ISO 9001-2015 അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ ശ്രീ ടി കെ സതീഷ് മാനേജരായും ശ്രീ റോഷൻ പി നായർ പ്രധാന അധ്യാപകനായും സേവനമനുഷ്ഠിക്കുന്നു. വിദ്യാലയത്തിൽ 983 വിദ്യാർത്ഥികളും 62 അധ്യാപകരും 37 അനധ്യാപകരുമാണ് ഉള്ളത്. സിബിഎസ്ഇ, നീറ്റ്, പിഎസ്സി എന്നീ പരീക്ഷകൾക്ക് വർഷങ്ങളായി വിദ്യാലയം സെന്ററായി പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ പ്ലസ്ടു പരീക്ഷയിൽ 96% മാർക്ക് വാങ്ങി അദിത് കെ ദാസ് സയൻസ് വിഭാഗത്തിലും, 92.4% മാർക്ക് വാങ്ങി ശിവപ്രിയ കെ ഡി കൊമേഴ്സ് വിഭാഗത്തിലും, 84.4% മാർക്ക് വാങ്ങി അമൃതലക്ഷ്മി എം എം ഹ്യൂമാനിറ്റിസ് വിഭാഗത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. പരീക്ഷ എഴുതിയ 90 വിദ്യാർത്ഥികളിൽ 64 പേർ ഡിസ്റ്റിംഗ്ഷൻ നേടി. ഇതിൽ 18 പേർക്ക് 90% ന് മുകളിൽ മാർക്ക് ലഭിച്ചു. 4 പേർ എല്ലാ വിഷയത്തിലും **A1** നേടി. പത്താം ക്ലാസിൽ അമൃതകൃഷ്ണ കെ ആർ 97.8% മാർക്ക് വാങ്ങി വിദ്യാലയത്തിൽ ഒന്നാമതെത്തി. പരീക്ഷയെഴുതിയ 68 വിദ്യാർത്ഥികളിൽ 51 പേർ ഡിസ്റ്റിംഗ്ഷൻ നേടി. ഇതിൽ 17 പേർക്ക് 90% ന് മുകളിൽ മാർക്ക് ലഭിച്ചു. 7 പേർ എല്ലാ വിഷയത്തിലും **A1** നേടി. ഹെന എ എച്ച്, ഹരിപ്രിയ കെ എസ് എന്നിവർ മലയാളത്തിലും, അമൃതകൃഷ്ണ കെ ആർ ഐടി യിലും 100 ൽ 100 മാർക്കും കരസ്ഥമാക്കി. ഏറ്റവും നല്ല അക്കാദമിക് നിലവാരം പുലർത്തുന്ന വിദ്യാലയത്തിനുള്ള എംഎൽഎ അവാർഡ് വിദ്യാലയത്തിന് ലഭിച്ചു.

2023-24 വർഷത്തെ ഭാരതീയ വിദ്യാനികേതൻ ജില്ലാ കലാമേളയിലും, കായികമേളയിലും വിദ്യാലയം ഓവറോൾ രണ്ടാം സ്ഥാനം നേടി. ഈ വർഷം നടന്ന ബിവിഎൻ സംസ്ഥാന യോഗാ മത്സരത്തിൽ തരുൺ പെൺകുട്ടികളുടെ വിഭാഗത്തിലും തരുൺ ആൺകുട്ടികളുടെ വിഭാഗത്തിലുമായി 11 കുട്ടികൾ പങ്കെടുത്തു. ജില്ലാ ചെസ്സ് മത്സരത്തിൽ തരുൺ വിഭാഗം ആൺകുട്ടികൾ ഒന്നാം സ്ഥാനവും പെൺകുട്ടികൾ മൂന്നാം സ്ഥാനവും കിഷോർ വിഭാഗം ആൺകുട്ടികൾ രണ്ടാം സ്ഥാനവും നേടി. ജില്ലാ കബഡി മത്സരത്തിൽ ബാല വിഭാഗം പെൺകുട്ടികൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. സിബിഎസ്ഇ സഹോദയ ഖൊ-ഖൊ മത്സരത്തിൽ ബാല വിഭാഗം പെൺകുട്ടികൾ രണ്ടാം സ്ഥാനവും, അണ്ടർ 14 വിഭാഗത്തിൽ പെൺകുട്ടികളും, ആൺകുട്ടികളും രണ്ടാം സ്ഥാനവും കരസ്ഥമാക്കി. തിരുവനന്തപുരത്ത് നടന്ന ദേശീയ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിൽ സബ്ജൂനിയർ വിഭാഗത്തിൽ ആറാം ക്ലാസ് വിദ്യാർത്ഥി സ്വനിക് എസ് നായർ ഒന്നാം സമ്മാനത്തിനർഹനായി. ആറാം ക്ലാസ് വിദ്യാർത്ഥിനി ആഞ്ചല അരുൺ തൃശ്ശൂർ കേരള സ്പോർട്സ് യോഗാസന മത്സരത്തിൽ വെങ്കലവും, തൃശ്ശൂർ ജില്ല സബ്ജൂനിയർ കളരിപ്പയറ്റ് ഹൈകിക്ക് മത്സരത്തിൽ ഗോൾഡ് മെഡലും കരസ്ഥമാക്കി. ജനംടിവി സംഘടിപ്പിച്ച സമർപ്പണ രാമായണ ഫെസ്റ്റ് 2024 ൽ രാമായണ പാരായണ മത്സരത്തിൽ പത്താംക്ലാസ് വിദ്യാർത്ഥി അഭിരാം ഗിരീഷ്കുമാർ ഒന്നാം സ്ഥാനം നേടി. ഓൾ കേരള ഇന്റർ സ്കൂൾ സ്പോർട്സ് ക്വിസ് മത്സരത്തിൽ പ്ലസ്ടു വിദ്യാർത്ഥിനി ആര്യ രാമചന്ദ്രൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. എക്സൈസ് ഡിപ്പാർട്മെന്റ് സംഘടിപ്പിച്ച വിമുക്തി ക്വിസ് മത്സരത്തിൽ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനി ശ്രീനന്ദ വി ആർ മൂന്നാം സ്ഥാനം നേടി. ഈ വർഷത്തെ ഭാരതീയ വിദ്യാനികേതൻ ജില്ലാ ശാസ്ത്രമേളയ്ക്ക് ആതിഥേയത്വം വഹിച്ച വിദ്യാലയം ഓവറോൾ രണ്ടാം സ്ഥാനം നേടി. ശാസ്ത്രമേള സംസ്ഥാന തലത്തിൽ സയൻസ് മോഡൽ വിഭാഗത്തിൽ നയന സുനിൽ മൂന്നാം സ്ഥാനവും, കിഷോർ വിഭാഗത്തിൽ സംസ്ഥാന തലത്തിലും, സൗത്ത് സോൺ തലത്തിലും മാത്തമാറ്റിക്സ് മോഡൽ വിഭാഗത്തിൽ ആദിലക്ഷ്മി വി എസ് ഒന്നാം സ്ഥാനവും കരസ്ഥമാക്കി. ഹരിയാനയിലെ കുരുക്ഷേത്രയിൽ വച്ച് നടന്ന വിദ്യാഭാരതി നാഷണൽ ഫുട്ബോൾ മത്സരത്തിൽ നാലാം സ്ഥാനത്ത് എത്തിയ കേരള ടീമിലെ ആറ് കുട്ടികൾ നമ്മുടെ വിദ്യാലയത്തിൽ നിന്നുള്ളവരായിരുന്നു. സിബിഎസ്ഇ തൃശ്ശൂർ സെൻട്രൽ സഹോദയ നടത്തിയ പ്രഥമ കലോത്സവത്തിൽ മോണോആക്ടിൽ വർഷ എം നായർ ഒന്നാം സ്ഥാനവും, നീൽഗ്രീവ് ക്ലാസിക്കൽ മ്യൂസിക്കിൽ ഒന്നാം സ്ഥാനവും, ലളിതഗാന മത്സരത്തിൽ രണ്ടാം സ്ഥാനവും നേടി. ഹിന്ദി ഉപന്യാസ മത്സരത്തിൽ അനുഷ്ക കെ എസ്, ലളിതഗാന മത്സരത്തിൽ ദേവഗംഗ എന്നിവർ മൂന്നാം സ്ഥാനവും നേടി. ബിവിഎൻ സംസ്കൃതിബോധ് പ്രബന്ധ രചന മത്സരത്തിൽ തരുൺ വിഭാഗത്തിൽ എം നന്ദനകൃഷ്ണ ഒന്നാം സ്ഥാനവും ശിശു വിഭാഗത്തിൽ അച്യുത് പിഷാരടി രണ്ടാം സ്ഥാനവും നേടി.

പഠനയാത്രയുടെ ഭാഗമായി കാടുകറ്റിയിലുള്ള നിറ്റാ ജലാറ്റിൻ പ്രൈവറ്റ് ലിമിറ്റഡ്, റീജിയണൽ സയൻസ് സെൻ്റർ ചാലക്കുടി, ഓർച്ചാർഡ് ഗ്രീൻ നഴ്സറി, മന്ദിരപ്പിള്ളി എന്നിവ വിദ്യാർത്ഥികൾ സന്ദർശിക്കുകയുണ്ടായി. 2023-24 വർഷത്തെ വിദ്യാലയത്തിന്റെ 30-ാം വാർഷികാഘോഷം പ്രൗഢഗംഭീരമായി നടത്തി. പ്രശസ്ത ഗാനരചയിതാവും കവിയും സംഗീത സംവിധായകനുമായ ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരിയും, മാളികപ്പുറം എന്ന സിനിമയിലൂടെ ശ്രദ്ധയാകർഷിച്ച ബാലതാരം ദേവനന്ദയുമാണ് വാർഷികാഘോഷത്തിൽ അതിഥികളായി ഉണ്ടായിരുന്നത്. സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിന്റെ ഭാഗമായി കൊടകര പഞ്ചായത്തിൽ അതിദാരിദ്ര്യം അനുഭവിക്കുന്ന പത്ത് കുടുംബങ്ങൾക്ക് ഒരു വർഷത്തിലധികമായി എല്ലാം മാസവും വിദ്യാർത്ഥികൾ ഭക്ഷണ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു. സിബിഎസ്ഇ സഹോദയ അധ്യാപകർക്കുവേണ്ടി നടത്തിയ മത്സരത്തിൽ വിദ്യാലയത്തിലെ അധ്യാപകരായ മാഷാനായർ ഹിന്ദി പദ്യരചനയിൽ രണ്ടാം സ്ഥാനവും, കൃഷ്ണപ്രസാദ് സി എം മലയാള ഉപന്യാസ രചനയിൽ മൂന്നാം സ്ഥാനവും, ഗോപിക കെ പി സംസ്കൃതം പദ്യം ചൊല്ലലിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിദ്യാലയത്തിലെ നല്ല സന്ദേശങ്ങൾ ഗ്രാമങ്ങളിലേക്കെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ 50 ഗ്രാമസമിതികൾ വിദ്യാലയത്തിന് പുറത്ത് നടത്തി വരുന്നു. 50 ഗ്രാമസമിതികളുടേയും സഹകരണത്തോടെ 6 സ്ഥലങ്ങളിലായി ഈ വർഷം ഗുരുപൂജ, മാതൃപൂജ എന്നിവ വൈവിധ്യമാർന്ന പരിപാടികളോടെ നടത്തി.

## ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, നന്തിക്കര


ഫോൺ 9526757206, 9495849570

**Email:sreeramakrishna.srkvn@gmail.com**

**Website: www.sreeramakrishnavidyanikethan.com**


കൊടകര വിവേകാനന്ദ ട്രസ്റ്റിന്റെ രണ്ടാമത്തെ സ്ഥാപനമായ ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂളിന്റെ പ്രവർത്തനം 30-ാം വർഷത്തിലൂടെ മാനേജർ ശ്രീ രാഗേഷ് സി, പ്രിൻസിപ്പാൾ ശ്രീമതി വിജയലക്ഷ്മി എന്നിവരുടെ നേതൃത്വത്തിൽ 1249 വിദ്യാർത്ഥികളും, 58 അധ്യാപകരും, 35 അനധ്യാപകരുമായി ജൈത്രയാത്ര തുടരുന്നു.

2023-24 അധ്യയനവർഷത്തിൽ സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ 600 ൽ 587 മാർക്ക് നേടി ഗൗതമി സുരേഷ് വിദ്യാലയത്തിൽ ഒന്നാമതെത്തി. 69 കുട്ടികൾ പരീക്ഷ എഴുതിയതിൽ 11 പേർക്ക് എല്ലാ വിഷയത്തിലും **A1** ലഭിച്ചു. 7 വിദ്യാർത്ഥികൾ സംസ്കൃതത്തിലും 10 വിദ്യാർത്ഥികൾ ഐടി യിലും 100 ൽ 100 മാർക്കും കരസ്ഥമാക്കി. ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനസഭയിൽ ബഹു ജില്ലാ കളക്ടർ ശ്രീ കൃഷ്ണതേജ ഐഎഎസ് മുഖ്യാതിഥി ആയിരുന്നു. ബഹു എംഎൽഎ ശ്രീ കെ കെ രാമചന്ദ്രൻ അവർകളിൽ നിന്നും അക്കാദമിക് എക്സലൻസ് പ്രതിഭാ പുരസ്ക്കാരവും, ഭാരതീയ വിദ്യാനികേതനിൽ നിന്ന് എഡ്യൂക്കേഷണൽ അവാർഡ് ശ്രേഷ്ഠ പുരസ്ക്കാരവും വിദ്യാലയത്തിന് ലഭിച്ചു. വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി നിവേദ് കെ എൻ കേരള സിലബസ് പന്ത്രണ്ടാം ക്ലാസിൽ 1200 ൽ 1200 മാർക്ക് വാങ്ങിയത് വിദ്യാലയത്തിന് അഭിമാനകരമാണ്.

2024 ൽ നടന്ന ഭാരതീയ വിദ്യാനികേതൻ ജില്ലാ ശാസ്ത്രമേളയിൽ 249 പോയിന്റോടെ വിദ്യാലയം ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. 2023 ഡിസംബറിൽ നടന്ന ഭാരതീയ വിദ്യാനികേതൻ ജില്ലാ കലാമേളയിൽ 383 പോയിന്റോടെ ഓവറോൾ ഒന്നാം സ്ഥാനം ലഭിച്ചു. ജില്ലാകായിക മേളയിൽ ഓവറോൾ മൂന്നാം സ്ഥാനവും, ജില്ലാ യോഗാസന-ചെസ്സ് മത്സരങ്ങളിൽ ഒന്നാം സ്ഥാനവും, ജില്ലാ ഖൊ-ഖൊ മത്സരത്തിൽ എല്ലാ വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു. വിദ്യാഭാരതി സൗത്ത്സോൺ ചെസ്സ് മത്സരത്തിൽ അണ്ടർ 17 വിഭാഗത്തിൽ വിദ്യാലയത്തിലെ 2 വിദ്യാർത്ഥികൾ വിജയികളായി. വിദ്യാഭാരതി നാഷണൽതല ശാസ്ത്രമേളയിൽ മാത്സ് പ്രാക്ടിക്കൽ വിഭാഗത്തിൽ ഇഷാൻകൃഷ്ണ കെ ഒന്നാം സ്ഥാനം നേടി. സെൻട്രൽ സഹോദയ ഖൊ-ഖൊ മത്സരത്തിൽ അണ്ടർ 14 ഗേൾസ്, അണ്ടർ 19 ഗേൾസ് ഒന്നാം സ്ഥാനവും അണ്ടർ 14 ബോയ്സ് മൂന്നാം സ്ഥാനവും നേടി. സിബിഎസ്ഇ ടീച്ചേഴ്സ് കലോത്സവത്തിൽ ഒരു ഒന്നാം സ്ഥാനവും ഒരു രണ്ടാം സ്ഥാനവും മൂന്ന് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. **SGADF** ന്റെ നേതൃത്വത്തിൽ 2024 മെയ് മാസത്തിൽ നേപ്പാളിലെ പൊക്രയിൽ നടന്ന ഇന്തോ-നേപ്പാൾ യോഗാസന ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച്

പങ്കെടുക്കാൻ 21 വിദ്യാർത്ഥികൾ യോഗ്യത നേടുകയും അതിൽ 19 പേർക്ക് ഒന്നാം സ്ഥാനവും 2 പേർക്ക് രണ്ടാം സ്ഥാനവും ലഭിച്ചു.

കർക്കിടക മാസത്തിൽ 40 ഗ്രാമസമിതികളിൽ രാമായണ മാസാചരണവും, നവരാത്രിയോടനുബന്ധിച്ച് തലോർ, ആനന്ദപുരം, ആമ്പല്ലൂർ, ആറാട്ടുപ്പുഴ, ചെങ്ങാലൂർ, നന്തിക്കര എന്നിങ്ങനെ 6 വേദികളിലായി ആദ്ധ്യാത്മിക-രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങളെയും 2000 ൽ പരം അമ്മമാരെയും, കുട്ടികളെയും പങ്കെടുപ്പിച്ച് മാതൃപൂജ ഗംഭീരമായി ആഘോഷിച്ചു. ഗ്രാന്റ് പാരന്റ്സ് ഡേ സ്നേഹ സ്പർശം കഴിഞ്ഞ വർഷം കെജി വിദ്യാർത്ഥികളെ കൂടി പങ്കെടുപ്പിച്ച്കൊണ്ട് നടത്തി. 2023-24 വർഷത്തെ സ്കൂൾ വാർഷികം രണ്ട് ദിവസങ്ങളിലായാണ് നടന്നത്. ഒന്നാം ദിവസം നാദം 2023 ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഡോ.രാഹുൽ അവർകൾ ഉദ്ഘാടനം ചെയ്തു. പ്രത്യേക ക്ഷണിതാവായി കരിങ്കാളി ഫെയിം ശ്രീകുമാർ നന്തിക്കര പങ്കെടുത്തു. രണ്ടാം ദിനം റിഥം 2023 പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഇ കെ അനൂപ് ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലാ അസ്സിസ്റ്റന്റ് കളക്ടർ ശ്രീ കാർത്തിക് പാണിഗ്രാഹി ഐഎഎസ് വിശിഷ്ടാതിഥിയായിരുന്നു. പിന്നണി ഗായിക കേരളശ്രീ ഡോ വൈക്കം വിജയലക്ഷ്മി പങ്കെടുത്തു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ നൂതന സാങ്കേതികവിദ്യ എക്സിപിരമെന്റൽ ലേണിംഗിലൂടെ റോബോട്ടിക്സ്, ആർട്ടിഫിഷൽ ഇന്റലിജൻസ്, കോഡിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ വിദഗ്ദ്ധ പരിശീലനം വിദ്യാലയത്തിൽ നൽകിവരുന്നു. കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച, പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ 6 അതിദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളും മറ്റ് അവശ്യ വസ്തുക്കളും ഈ വർഷവും മാസംതോറും കൊടുത്തുക്കൊണ്ടിരിക്കുന്നു.

## വിവേകാനന്ദ വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, വരന്തരപ്പിള്ളി

**ഫോൺ 0480 2761605**

**Email:vvnvply@gmail.com**

വിവേകാനന്ദ ട്രസ്റ്റിന്റെ മൂന്നാമത്തെ സ്ഥാപനമായി വരന്തരപ്പിള്ളി ഗ്രാമപ്രദേശത്ത് പ്രവർത്തനമാരംഭിച്ച വിവേകാനന്ദ വിദ്യാനികേതൻ ഇരുപത്തിരണ്ടാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ഭാരതീയ വിദ്യാനികേതന്റെ പഞ്ചാംഗശിക്ഷണത്തിലൂടെ, എൻഐഒഎസ് അംഗീകാരത്തോടെ കെജി മുതൽ ഏഴാം ക്ലാസ് വരെ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ മോണ്ടിസോറി ഉൾപ്പെടെ 11 ഡിവിഷനുകളിലായി 152 വിദ്യാർത്ഥികളും 12 അധ്യാപകരും 4 അനധ്യാപകരുമാണുള്ളത്. മാനേജർ ഇൻ ചാർജ്ജ് ശ്രീ ഒ സുമേഷ്, പ്രാധാന അധ്യാപിക ഡോ.രമാദേവി എന്നിവരുടെ നേതൃത്വത്തിൽ വിദ്യാലയത്തിന്റെ പ്രവർത്തനം മുന്നേറിക്കൊണ്ടിരിക്കുന്നു.

2023-24 വർഷത്തെ ഭാരതീയ വിദ്യാനികേതൻ ജില്ലാ കലോത്സവത്തിൽ ശിശു വിഭാഗത്തിൽ ഓവറോൾ മൂന്നാം സ്ഥാനം ലഭിച്ചു. 2024-25 വർഷത്തെ ഭാരതീയ വിദ്യാനികേതൻ ജില്ലാ ശാസ്ത്രമേളയിൽ സയൻസ് മോഡൽ വിഭാഗത്തിൽ വിദ്യാലയത്തിലെ വൈഗ വിപിൻ രണ്ടാം സ്ഥാനം നേടി. മാതൃസമിതിയുടെ സഹകരണത്തോടെ നടത്തിയ ഭക്ഷ്യമേള രുചി 2024 ന്റെ ഉദ്ഘാടനം റിട്ട. ഡെപ്യൂട്ടി ഫോറസ്റ്റ് ഓഫീസർ ശ്രീ വർഗ്ഗീസ് വാഴപ്പിള്ളി ഉദ്ഘാടനം ചെയ്തു. ഗ്രാമസമിതികളിൽ തിരുവാതിരക്കളി മത്സരം സംഘടിപ്പിച്ചു. ഫിലിം ആർട്ടിസ്റ്റ് ശ്രീ നന്ദകിഷോർ സ്കൂൾ വാർഷികം നാട്യ 2024 ന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

സാമ്പത്തിക ശാസ്ത്രത്തിൽ കേരളത്തിലെ പ്രളയത്തെക്കുറിച്ചുള്ള ഗവേഷണ പ്രബന്ധത്തിന് ഭാരതീയാർ സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ച വിദ്യാലയത്തിലെ പ്രധാന അധ്യാപിക ശ്രീമതി രമാദേവി ടീച്ചറെ വിദ്യാലയവും, വിദ്യാലയ സമിതി, മാതൃ-ക്ഷേമ സമിതി എന്നിവരും ചേർന്ന് അനുമോദിച്ചു.

ശിശുവാടികയിലെ രണ്ട് വർഷം പൂർത്തീകരിച്ച എല്ലാകുട്ടികൾക്കും കെജി ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുന്ന കോൺവെക്കേഷൻ സെറിമണി നടത്തി. രാമായണ മാസാചരണത്തിന്റെ ഭാഗമായി ദശപുഷ്പങ്ങളുടെയും ഔഷധസസ്യങ്ങളുടെയും പ്രദർശനം നടത്തി. സാമൂഹ്യ പാഠഭാഗങ്ങളിൽ പഠിച്ച ത്രിതല പഞ്ചായത്തിനെക്കുറിച്ച് മനസിലാക്കാൻ വിദ്യാർത്ഥികൾ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സന്ദർശനം നടത്തി. വിദ്യാലയത്തിലെ കരാട്ടെ ക്ലാസിലെ 42 കുട്ടികൾ ഈ വർഷം ഗ്രീൻ, യെല്ലോ ബെൽട്ട് കരസ്ഥമാക്കിയതിൽ 29 പേരും പെൺകുട്ടികളാണ്.

സ്ത്രീശാക്തീകരണ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആരംഭിച്ച മോണ്ടിസോറി ക്ലാസിന്റെ ആദ്യ ബാച്ചിൽ പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികൾക്കും ഫുൾ **A+** ലഭിക്കുകയും, എല്ലാവർക്കും വിവിധ വിദ്യാലയങ്ങളിൽ ജോലി ലഭിക്കുകയും ചെയ്തു.

## ജനത യു.പി.സ്കൂൾ, വരന്തരപ്പിള്ളി

**ഫോൺ 0480 2763858**

**Email:jupskulvarandarappilly@gmail.com**

ട്രസ്റ്റിന്റെ നാലാമത് സ്ഥാപനമായ ജനത സ്കൂളിൽ 5,6,7 ക്ലാസ്സുകളിൽ ഇംഗ്ലീഷ്-മലയാളം മീഡിയങ്ങളിലായി 108 കുട്ടികൾ പഠിക്കുന്നു. ശ്രീ കെ ആർ ദിനേശൻ മാനേജരായും ശ്രീമതി കെ രജനി ഹെഡ്മിസ്ട്രസ്സ് ആയും സേവനമനുഷ്ഠിക്കുന്ന വിദ്യാലയത്തിൽ 7 അധ്യാപകരും ഒരു അനധ്യാപക ജീവനക്കാരനുമാണ് ഉള്ളത്.

എറണാകുളം കലൂർ ശ്രീരാമകൃഷ്ണ സേവാശ്രമത്തിന്റെ ഭാരവാഹികൾ വിദ്യാലയം സന്ദർശിക്കുകയും വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ സൗകര്യത്തോടെ പഠനത്തിന് സഹായിക്കുന്ന 2 ഇന്ററാക്ടീവ് സ്മാർട്ട് ബോർഡുകൾ സംഭാവന നൽകുകയും ചെയ്തു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നാല് ലക്ഷം രൂപ ചെലവിൽ 200 സ്ക്വയർ ഫീറ്റിൽ ഗേൾസ് ടോയ്ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം ക്യൂബസ്റ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ സിഎസ്ആർ പ്രൊജക്ട് വഴി നടന്നു കൊണ്ടിരിക്കുന്നു.

സ്കൂൾ ലീഡർ, ആർട്സ് ക്യാപ്റ്റൻ, സ്പോർട്സ് ക്യാപ്റ്റൻ എന്നിവർക്കായി വിദ്യാലയത്തിൽ ജനാധിപത്യ പ്രക്രിയ പരിചയപ്പെടുത്തുന്ന രീതിയിലാണ് ഇലക്ഷൻ നടത്തിയത്. തെരഞ്ഞെടുപ്പ് വിജ്ഞാപനം, പത്രിക സമർപ്പണം, പ്രചാരണം, സ്ഥാനാർത്ഥികളുടെ അഭിസംബോധന എന്നീ ഘട്ടങ്ങൾ പൂർത്തിയാക്കിയ ശേഷം തെരഞ്ഞെടുപ്പ് നടത്തുകയും ഫലം പ്രഖ്യാപിക്കുകയും ചെയ്തു. സ്കൂൾ ലീഡറായി അനക്സ് രാജു കെ, സ്പോർട്സ് ക്യാപ്റ്റനായി അഭിനവ് എം പി, ആർട്സ് ക്യാപ്റ്റനായി അഭിനവ് ജിജു എന്നിവർ തെരഞ്ഞെടുക്കപ്പെടുകയും സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. ഉപജില്ലാ ശാസ്ത്രമേളയിൽ വിദ്യാലയത്തിൽ നിന്ന് 19 ഇനങ്ങളിൽ മത്സരിക്കുകയും 6 എ ഗ്രേഡ് അടക്കം 72 പോയിന്റ് നേടുകയും ചെയ്തു. ഐടി ക്വിസിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനവും, വർക്ക് എക്സിപീരിയൻസിൽ 3 രണ്ടാം സ്ഥാനങ്ങളും ലഭിച്ചു.

ബഹുഭാഷാ ആശയവിനിമയ കഴിവുകൾ ശക്തിപ്പെടുത്തുന്നതിന് **AI** സംവിധാനം ഉപയോഗപ്പെടുത്തി ആകർഷകമായ രീതിയിൽ വിദ്യാലയത്തിൽ നടത്തി വരുന്നു. ഇംഗ്ലീഷ് ഭാഷയിൽ എഴുത്തും, സംസാരശേഷിയും വികസിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് അവരുടെ ഭാവനയിലെ രംഗങ്ങൾ, വസ്തുക്കൾ, കഥാപാത്രങ്ങൾ എന്നിവയുടെ വിശദമായ വിവരണങ്ങൾ രചിക്കാൻ പ്രോത്സാഹിപ്പിക്കുകയും അത് **AI** ഇമേജ് ജനറേഷൻ സോഫ്ട്വെയർ ഉപയോഗിച്ച് ദൃശ്യങ്ങൾ ആക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾ തങ്ങളുടെ വിവരണങ്ങൾ വികസിപ്പിച്ചുകൊണ്ടും, വിവിധ പ്രോംപ്റ്റുകൾ പരീക്ഷിച്ചുകൊണ്ടും ആഗ്രഹിക്കുന്ന ദൃശ്യങ്ങൾ രൂപപ്പെടുത്തുന്നു. ഇതിലൂടെ വിദ്യാർത്ഥികൾക്ക് സർഗ്ഗാത്മക ചിന്ത വികസിപ്പിക്കാനും, ഭാഷാ നൈപുണ്യം മെച്ചപ്പെടുത്താനും, ഡിജിറ്റൽ സാക്ഷരത നേടനും കഴിയുന്നു.

## സ്വാമി വിവേകാനന്ദ ഹോസ്റ്റൽ, പേരാമ്പ്ര

ട്രസ്റ്റിന്റെ അഞ്ചാമത് സ്ഥാപനമായി സ്വാമി വിവേകാനന്ദന്റെ നാമധേയത്തിൽ ആൺകുട്ടികളുടെ ഹോസ്റ്റൽ കഴിഞ്ഞ 18 വർഷമായി കൊടകര സരസ്വതി വിദ്യാനികേതൻ സ്കൂൾ ക്യാമ്പസിൽ നടത്തി വരുന്നു. സുരക്ഷിതത്വം ഉറപ്പാക്കികൊണ്ട് തികഞ്ഞ അച്ചടക്കത്തിലൂടെ അഞ്ചാം ക്ലാസ് മുതലുള്ള കുട്ടികൾക്കാണ് ഹോസ്റ്റൽ സൗകര്യം ഒരുക്കിയിട്ടുള്ളത്. മണിപ്പൂരിൽ നിന്നുള്ള 9 കുട്ടികൾ ഉൾപ്പെടെ 12 പേരാണ് നിലവിൽ ഹോസ്റ്റലിൽ ഉള്ളത്. ഈ വർഷം വിദ്യാലയത്തിൽ നിന്ന് മണിപ്പൂർ സന്ദർശനം നടത്തുകയും അവിടെ പൂർവ്വ വിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുകയും, വിദ്യാർത്ഥികളുടെ വീടുകൾ സമ്പർക്കം ചെയ്യുകയും ചെയ്തു. ഈ വർഷം മണിപ്പൂരിൽ നിന്ന് 6 പുതിയ അഡ്മിഷൻ ലഭിക്കുകയും വരും വർഷങ്ങളിൽ കൂടുതൽ അഡ്മിഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥയും ഈ സന്ദർശനത്തിലൂടെ ചെയ്യുവാൻ സാധിച്ചു.

**ഹരിശ്രീ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, തുമ്പൂർ**

ഫോൺ : 0480 2788858, 7356836957

**Email: harisreevidyanikethan@yahoo.com**

വിവേകാനന്ദ ട്രസ്റ്റിന്റെ ആറാമത് സ്ഥാപനമായി പ്രവർത്തനമാരംഭിച്ച ഹരിശ്രീ വിദ്യാനികേതൻ 16 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. വിദ്യാലയം ഗ്രാമത്തിന്റെ ചേതനാകേന്ദ്രം ആയിരിക്കണമെന്ന ഭാരതീയ വിദ്യാനികേതന്റെ ആശയത്തിൽ നിന്നും പ്രേരണ ഉൾക്കൊണ്ട് വിദ്യാലയത്തോടൊപ്പം ഗ്രാമവും വളരുക എന്ന ലക്ഷ്യം വെച്ച് മാനേജർ ഇൻ ചാർജ്ജ് ശ്രീ സതീഷ് ശങ്കറിന്റെയും പ്രധാന അധ്യാപിക ശ്രീമതി രമ്യ രാജേന്ദ്രന്റെയും നേതൃത്വത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 10 ഡിവിഷനുകളിലായി 196 വിദ്യാർത്ഥികളും 14 അധ്യാപകരും 6 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. കുട്ടികളുടെ സമഗ്രമായ വികാസത്തിനായി സിബിഎസ്ഇ പാഠ്യപദ്ധതി പിന്തുടരുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട് ഭാരതീയ വിദ്യാനികേതൻ അനുശാസിക്കുന്ന പഞ്ചാംഗ ശിക്ഷണത്തിലൂടെ കുട്ടികളുടെ വ്യക്തിത്വവികസനവും, ചതുർഭാഷാ പഠനവും ഉറപ്പുവരുത്തുന്നു.

ഭാരതീയ വിദ്യാനികേതൻ സംസ്ഥാന ശാസ്ത്രമേളയിൽ മാത്സ് വർക്കിംഗ് മോഡലിൽ ബാല വിഭാഗത്തിൽ പി പി കൃഷ്ണപ്രിയ രണ്ടാം സ്ഥാനവും സയൻസ് വിഭാഗത്തിൽ നിവേദ്യ ലിജിൻ ബാലവിഭാഗത്തിൽ പങ്കെടുക്കുകയും ചെയ്തു. കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ടാലന്റ് പരീക്ഷയും അബാക്കസ്, കരാട്ടെ ചാമ്പ്യൻഷിപ്പ് എന്നിവ നടത്തിവരുന്നു. എന്റെ ഗ്രാമം സ്വാസ്ഥ്യ ഗ്രാമം എന്ന പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിലെ മാതൃഭാരതി, ക്ഷേമസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ കർക്കിടക മരുന്നുണ്ട തയ്യാറാക്കി വൃദ്ധസദനങ്ങളിൽ സൗജന്യമായും മറ്റ് ആവശ്യക്കാർക്കും വിതരണം ചെയ്തു. യോഗാപരിശീലനം, ആരോഗ്യബോധവത്ക്കരണ ക്ലാസ്, പാരന്റിംഗ് ക്ലാസ്, രാമായണ പാരായണം എന്നിവ നടത്തിവരുന്നു. സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള ലഹരിയുടെ ഉപയോഗം തടയുന്നതിനായി യോദ്ധാവ് എന്ന പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. അതിനുപുറമെ കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വളർച്ചക്ക് വേണ്ടി കൗൺസലിംഗ് ക്ലാസുകളും, ഏതൊരു വെല്ലുവിളിയെയും നേരിടാൻ ബാലികാശിക്ഷൺ ക്ലാസുകളും, സെൽഫ് ഡിഫൻസ് ക്ലാസുകളും, കൂടാതെ മറ്റു വിഷയങ്ങളിലും ബോധവത്ക്കരണ ക്ലാസുകളും വിദ്യാലയത്തിൽ നടത്തിവരുന്നു.

മാതൃപൂജ ഈ വർഷം വിദ്യാലയസമിതിയുടെ നേതൃത്വത്തിൽ വിദ്യാലയത്തിലും, പുത്തൻചിറയിലും രണ്ട് പരിപാടികളായാണ് നടത്തിയത്. ശിശുവാടിക കുട്ടികൾക്ക് വേണ്ടി സമ്മർ ഡേ, റെയ്നി ഡേ തുടങ്ങിയ പ്രത്യേക പരിപാടികളും, രക്ഷാകർത്താക്കൾക്ക് സോപാനം ക്ലാസുകളും നടത്തിവരുന്നു. വിദ്യാലയത്തിൽ **Parliament Election, Investiture ceremony** എന്നിവ നടത്തി. അധ്യാപകർ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് വിദ്യാർത്ഥികളുടെ ചുറ്റുപാടുകളും വീട്ടിലെ അന്തരീക്ഷവും മനസിലാക്കി അവർക്കുവേണ്ടതായ എല്ലാവിധ പിന്തുണയും നൽകി വരുന്നു. ഫീൽഡ് വിസിറ്റിന്റെ ഭാഗമായി ആളൂർ പൊലീസ് സ്റ്റേഷൻ, ഇരിങ്ങാലക്കുട ഫയർ സ്റ്റേഷൻ, കൊടുങ്ങല്ലൂർ കോടതി എന്നിവ വിദ്യാർത്ഥികൾ സന്ദർശിച്ചു. തീരദേശ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി എടവിലങ്ങ് കാര തീരദേശ ശുചീകരണത്തിൽ വിദ്യാലയത്തിൽ നിന്ന് 10 കുട്ടികളും, അധ്യാപകരും മാതൃ-ക്ഷേമ സമിതി അംഗങ്ങളും പങ്കെടുത്തു.

ട്രസ്റ്റിന്റെ പ്രവർത്തനം മൂന്ന് പതിറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ 30 വർഷങ്ങളിലെ നേട്ടങ്ങളും പ്രയത്നങ്ങളും സംതൃപ്തി നൽകുന്നതാണ്. അതേസമയം മുന്നിലുള്ള ദൂരപരിധികൾ വിപുലമാണ്. നിലവിലുള്ള സ്ഥാപനങ്ങളെ കൂടുതൽ ഉയരത്തിലേക്ക് നയിക്കുകയും, കാലഘട്ടത്തിനനുസൃതമായ നിരവധി ജനക്ഷേമ പദ്ധതികളും, സാമൂഹ്യ സേവന പ്രവർത്തനങ്ങളും നടപ്പാക്കേണ്ടതുണ്ട്. ഇതുവരെ ട്രസ്റ്റിന്റെ പ്രയാണത്തിൽ പങ്കുചേർന്ന എല്ലാവരുടേയും വിലപ്പെട്ട സഹകരണം ഹൃദയംഗമമായി സ്മരിക്കുന്നു. ഭാവിയിലേക്കുള്ള യാത്രയിൽ എന്നും നിർദ്ദേശങ്ങളും പിന്തുണയും നല്കുമെന്ന പ്രതീക്ഷയോടെ, ഈ വാർഷിക റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന്,

രാഷ്ട്രസേവനാർത്ഥം,

ചെയർമാൻ  
എൻ.പി.മുരളി

സെക്രട്ടറി  
ടി.സി.സേതുമാധവൻ

## FORM NO.10B

(See rule 16CC and 17B)

**AUDIT REPORT UNDER CLAUSE (b) OF THE TENTH PROVISO TO CLAUSE (23C) OF SECTION 10 AND SUB-CLAUSE (ii) OF CLAUSE (b) OF SUBSECTION (1) OF SECTION 12A OF THE INCOME TAX ACT 1961, IN THE CASE OF A FUND OR TRUST OR INSTITUTION OR ANY UNIVERSITY OR OTHER EDUCATIONAL INSTITUTION OR ANY HOSPITAL OR OTHER MEDICAL INSTITUTION.**

We have examined the balance sheet of VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST as at 31-Mar-2024 and the Income and Expenditure account or Profit and Loss account for the year ended on that date are in agreement with the books of account maintained by the said fund or trust or institution or university or other educational institution or hospital or other medical institution.

We have obtained all the information and explanations to the best of our knowledge and belief which are necessary for the purposes of the audit.

In our opinion, proper books of account have been maintained at the registered office of the above named fund or trust or institution or university or other educational institution or hospital or other medical institution at the address mentioned at serial number 14 of the Annexure:

In our opinion and to the best of our information and according to explanations given to us, the partuculars give in the Annexure are true and correct subject to following observations or qualifications-

In our opinion and to the best of our information, and according to information given to us, the said accounts give a true and fair view-

(i) in the case of the balance sheet, of the state of affairs of the above named trust as on 31st March 2024; and

(ii) in the case of the Income and Expenditure account or profit and loss account, of the income and application or profit or loss of its accounting year ending on 31st March 2024.

| | |
|---|---|
| **Name** | **SURESH T A** |
| **Membership Number** | **ARCA205949** |
| **FRN (Firm Registration Number)** | **009612S** |
| **Address** | **MANNATH LANE, THRISSUR** |

**THRISSUR**
**27/09/2024**

VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST , KODAKARA

## CONSOLIDATED BALANCE SHEET AS ON 31.03.2024

| CAPITAL £ LIABILITIES | 31.03.2024 | 31.03.2023 |
|---|---|---|
| Capital Account | 10,000.00 | 10,000.00 |
| Reserve & Surplus | 4,97,28,760.89 | 4,51,29,051.42 |
| Government Grant | 4,10,124.86 | 2,80,000.00 |
| Secured loan | 1,26,37,126.84 | 56,66,844.53 |
| Un secured loan | 31,73,187.00 | 32,82,787.00 |
| Deposits | 8,82,404.00 | 8,82,404.00 |
| Current liabilities | 68,54,723.42 | 84,37,961.10 |
| **Total Rs** | **7,36,96,327.01** | **6,36,89,048.05** |
| **PROPERTIES & ASSETS** | **31.03.2024** | **31.03.2023** |
| Fixed assets | 6,45,54,431.93 | 5,92,88,947.88 |
| Deposits | 8,62,280.31 | 7,87,029.31 |
| Current assets & Loans & advances | | |
| A. Current assets | 43,27,284.39 | 12,53,327.48 |
| B. Loans & advances | 39,52,330.38 | 23,59,743.38 |
| **Total Rs** | **7,36,96,327.01** | **6,36,89,048.05** |

CHAIRMAN SECRETARY TREASURER

For SURESH NAIR AND ASSOCIATES
CHARTERED ACCOUNTANTS

THRISSUR
27/09/2024

SURESH T. A. FCA, DISA (ICAI)
(PARTNER)
(M.No.205949 FRN. :009612S)

**VIVEKANANDA EDUCATIONAL & CULTURAL CHARITABLE TRUST, KODAKARA**
**CONSOLIDATED INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED ON 31.03.2024**

| | EXPENDITURE | AMOUNT | | INCOME | AMOUNT |
|---|---|---|---|---|---|
| To | Opening stock | 1,54,021.00 | By | Admission Fees | 17,34,300.00 |
| " | Advertisement | 1,46,383.00 | " | Application Fee | 73,550.00 |
| " | AMC | 51,996.00 | " | Bank Interest | 1,05,368.00 |
| " | ATL Related event | 1,56,636.00 | " | Digital Education Fee | 38,56,090.00 |
| " | Bank Charges | 66,574.29 | " | Donation | 32,94,000.00 |
| " | Bike Expense | 22,978.00 | " | Loss of Pay | 1,00,463.00 |
| | BVN Contribution | 7,04,890.00 | " | Mess fee | 8,85,500.00 |
| " | BVN District Sports | 3,621.00 | " | Montessori Fee | 2,13,600.00 |
| " | Building Insurance | 15,582.00 | " | Other Income | 1,23,427.00 |
| " | Building & Land Tax | 20,089.00 | " | Text book | 49,49,122.00 |
| " | Building Fitness Expense | 1,000.00 | " | Membership Fees | 3,000.00 |
| " | CBSE Affiliation Renewal | 2,16,531.00 | " | Special Fee | 1,11,99,265.99 |
| " | CCSK membership Fee | 15,000.00 | " | Tuition Fee | 3,89,65,520.00 |
| " | Communicative English Class | 4,00,000.00 | " | Vidhya Suraksha Nidhi | 7,52,268.00 |
| " | Cleaning Expense | 9,001.00 | " | Vehicle Fee | 2,21,13,904.00 |
| " | Computer Expense | 1,94,272.00 | " | Establishment fee | 71,500.00 |
| " | Coolie & daily wages | 2,77,642.00 | " | Pre-Kg fee | 2,52,000.00 |
| " | Digital Education | 7,83,448.00 | " | Extra curricular activity | 68,850.00 |
| " | Electrical Maintenance | 2,48,614.00 | " | Government Grant | 2,69,875.14 |
| " | Electricity Charges | 8,08,905.00 | " | Herbal Plant | 22,000.00 |
| " | ESI & PF | 32,25,416.00 | " | Closing stock | 78,297.00 |
| " | Extra curricular expense | 2,76,800.00 | | (As valued & Certified | |
| " | Endowment | 10,000.00 | | by the secretary) | |
| " | Food Expenses-Hostel | 6,38,857.00 | | | |
| " | Fire & Safety expense | 25,106.00 | | | |
| " | Filing Charge | 39,760.00 | | | |
| " | Fees Concession & Discount | 20,31,958.00 | | | |
| " | Gratuity | 5,82,000.00 | | | |
| " | Garden expense | 97,129.00 | | | |
| " | Generator expense | 44,235.00 | | | |
| " | Loan Interest & Charges | 9,99,225.08 | | | |
| " | Internet Expense | 67,092.00 | | | |
| " | ISO Expense | 9,500.00 | | | |
| " | Lab Expense | 1,99,319.00 | | | |
| " | Medical Expense | 70,306.00 | | | |
| " | Meeting Expense | 44,914.00 | | | |
| " | Miscellaneous Expense | 14,290.00 | | | |
| " | Montessori Expense | 1,39,323.00 | | | |
| " | News paper & Periodicals | 39,694.00 | | | |
| " | NIOS Affiliation Expense | 28,950.00 | | | |
| " | Other Programme Expense | 20,65,137.00 | | | |
| " | Other Expense | 45,016.00 | | | |
| " | Plumbing Expense | 18,739.00 | | | |

| EXPENDITURE | AMOUNT | INCOME | AMOUNT |
|---|---|---|---|
| “ Postage | 2,906.00 | | |
| “ Printing & Stationery | 11,40,405.00 | | |
| “ Painting Expense | 2,17,694.00 | | |
| “ Proffessional charges | 93,400.00 | | |
| “ Property Tax | 3,562.00 | | |
| “ Teachers Training Exp | 73,908.00 | | |
| “ Rent | 24,000.00 | | |
| “ Repairs & Maintenance | 37,75,508.00 | | |
| “ Salary & Allowance | 3,52,08,346.00 | | |
| “ Software Expense | 57,560.00 | | |
| “ Sports & Game Expense | 2,38,979.00 | | |
| “ Staff Welfare Expense | 6,35,243.00 | | |
| “ Telephone Charge | 21,632.00 | | |
| “ Text Book | 38,68,936.00 | | |
| “ Travelling Expense | 3,40,152.00 | | |
| “ TV Expense | 14,640.00 | | |
| “ Audit fee | 57,820.00 | | |
| “ Vehicle Expense | 1,37,85,461.00 | | |
| “ Vehicle Hiring | 21,06,060.00 | | |
| “ Vehicle Loan Interest | 2,48,808.34 | | |
| “ Water Charges | 58,166.00 | | |
| “ Workshop Expense | 45,000.00 | | |
| “ Website Expense | 19,720.00 | | |
| “ Depreciation | 74,84,334.95 | | |
| “ Excess of Income over Expenditure | 45,99,709.47 | | |
| **Total Rs.** | **8,91,31,900.13** | **Total Rs.** | **8,91,31,900.13** |

**CHAIRMAN** **SECRETARY** **TREASURER**

**For SURESH NAIR AND ASSOCIATES**

**CHARTERED ACCOUNTANTS**

**SURESH T. A. FCA, DISA (ICAI)**
**(PARTNER)**

**(M.No.205949 FRN. :009612S)**

**THRISSUR**

**27/09/2024**



ഹരിശ്രീ വിദ്യാനികേതനിൽ നടന്ന
മാതൃ പൂജയുടെ ഉദ്ഘാടന സഭ



സ്വർഗീയ കൃഷ്ണൻകുട്ടി സ്മരണാർത്ഥം
ഏർപ്പെടുത്തിയ ക്യാഷ് അവാർഡ് ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ
വിദ്യാർത്ഥിനി ഹീമഹേമരാജ് ഏറ്റുവാങ്ങുന്നു.



ബിവിഎൻ നാഷണൽ ഫുട്ബോൾ മത്സരത്തിൽ
പങ്കെടുത്ത സരസ്വതി വിദ്യാനികേതനിലെ വിദ്യാർത്ഥികൾ




വിവേകാനന്ദ വിദ്യാനികേതനിലെ വിദ്യാർത്ഥികൾ
വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സന്ദർശനം നടത്തുന്നു.



മണിപ്പൂരിൽ സംഘടിപ്പിച്ച പൂർവ്വ വിദ്യാർത്ഥി സംഗമം



ബിവിഎൻ ജില്ലാ ശാസ്ത്രമേളയിൽ ഓവറോൾ കിരീടം നേടിയ
ശ്രീരാമകൃഷ്ണ വിദ്യാനികേതൻ ടീം.



ഹരിശ്രീ വിദ്യാനികേതനിലെ സ്കൂൾ പാർലമെന്റ്
തെരഞ്ഞെടുപ്പിൽ വിജയികളായവരുടെ സ്ഥാനാരോഹണം.




ജനത യു പി സ്കൂളിൽ
ഹിരോഷിമ ദിനത്തിൽ നടന്ന പോസ്റ്റർ പ്രദർശനം

